(സി&ഡി) ദേശീയപാതാ വികസനത്തിന് സ്ഥലമെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്നത് കേന്ദ്രസർക്കാർ ആണ്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന്റെ നഷ്ടപരിഹാരം കണക്കാക്കിയിരുന്നത് 1956-ലെ എൻ.എ ച്ച്.ആക്ട് പ്രകാരമാണ്. എന്നാൽ 1-1-2015 മുതൽ ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിനുള്ള നഷ്ടപരിഹാരം നിശ്ചയിക്കേണ്ടത് കേന്ദ്രസർക്കാരിന്റെ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Re-settlement) (RFCTLARR) പ്രകാരം ആയിരിക്കുമെന്ന് കേന്ദ്ര ഗതാഗതമന്ത്രാലയം അറിയിച്ചിട്ടുണ്ട്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ സ്വീകരിക്കുന്ന R&R പാക്കേജിലെ മാനദണ്ഡങ്ങൾകൂടി പരിഗണിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അങ്കമാലി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

276 (1310) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ തുക അനുവദിച്ചിട്ടും ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ :

(സി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നാണ് ഭരണാനുമതി നല്കിയതെന്നും ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. അങ്കമാലി-മഞ്ഞപ്ര റോഡിന്റെ ശേഷിക്കുന്ന ഭാഗം ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ (ch. 6/000 to 7/800)

2. കാലടി-മഞ്ഞപ്ര-ചുള്ളി റോഡ് ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധി പ്പെടുത്തൽ (ch. 0/000 to 6/000)

LIBRARY ARCHIVES Kerala Legislative Assembly

3. 4-ാം മൈൽ എ.എ.റോഡ് (ch.1/000 to 2/000) അഭിവൃദ്ധിപ്പെടുത്തൽ.

4. ഭൂമി ഏറ്റെടുത്ത് വേങ്ങൂർ-നായത്തോട് റോഡ് വീതിക്കൂട്ടി അഭിവൃദ്ധിപ്പെടുത്തൽ.

(ബി & സി) അനുബന്ധം-I ൽ ചേർത്തിരിക്കുന്നു.

മലപ്പുറം ജില്ലയിലെ ഹൈവേകളിലെ തെരുവുവെളിച്ചം

277 (1311) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ സ്റ്റേറ്റ്/നാഷണൽ ഹൈവേകളുടെ പാർശ്വങ്ങളിലുള്ള തെരുവുവെളിച്ചം കുമിക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കേടുവന്ന ലൈറ്റുകൾ നന്നാക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി ഏതെല്ലാം ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 15-9-2011-ലെ പരിപത്രം നമ്പർ 3055/ഡിഎ 3/2011/ത.സ്വ.ഭ.വ. പ്രകാരം കേടുവന്ന തെരുവു വിളക്കുകൾ നന്നാക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനുമുള്ള അധികാരം പൂർണ്ണമായും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പ്രകാരം ആവശ്യമായ എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തെരുവു വിളക്കുകൾ സ്ഥാപിച്ചു നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly